# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 918 07.02.2013-ൽ മറുപടിയ്ക്ക്**

**അയേൺ റിമൂവൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ചില പ്രദേശങ്ങളിൽ ലഭ്യമാകുന്ന കുടിവെള്ളത്തിൽ അനുവദനീയമായ തോതിൽ കൂടുതൽ ഇരുമ്പിന്റെ അംശം കണ്ടെത്തിയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) കേരള വാട്ടർ അതോറിറ്റി സതേൺ റീജിയണിന്റെ പരിധിയിൽ വരുന്ന തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ ലഭ്യമാകുന്ന കുടിവെള്ളത്തിൽ ഇരുമ്പിന്റെ അംശം അനുവദനീയമായ തോതിലാണ്. എന്നാൽ കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ജലവിതരണ പദ്ധതികളിൽ ഉൾപ്പടെയുള്ള ചില ട്യൂബ് വെല്ലിൽ നിന്നും ലഭിക്കുന്ന ജലത്തിൽ ഇരുമ്പിന്റെ അംശം അനുവദനീയമായ തോതിൽ കൂടുതൽ ഉള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.<br>കേരള വാട്ടർ അതോറിറ്റി മദ്ധ്യ മേഖലയുടെ കീഴിലുള്ള പ്രദേശങ്ങളിൽ ലഭ്യമാക്കുന്ന കുടിവെള്ളത്തിൽ അനുവദനീയമായ തോതിൽ കൂടുതൽ ഇരുമ്പിന്റെ അംശം കണ്ടെത്തിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.<br>കേരള വാട്ടർ അതോറിറ്റി നോർത്തേൺ റീജിയണിന്റെ കീഴിൽ കണ്ണൂർ ജില്ലയിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ ഇരുമ്പിന്റെ അംശം ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. കാസറഗോഡ് ജില്ലയിലെ ചില പഞ്ചായത്തുകളിലെ ചില വാർഡുകളിലെ കുഴൽ കിണർ, കിണർ എന്നിവയിലെ വെള്ളത്തിൽ അനുവദനീയമായ തോതിൽ കൂടുതൽ ഇരുമ്പിന്റെ അംശം ഉള്ളതായി വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പാലക്കാട് സർക്കിളിന് കീഴിൽ പാലക്കാട് ജില്ലയിലെ ചില ബ്ലോക്കുകളിൽ വ്യാപകമായി കുടിവെള്ള സ്രോതസ്സുകളിൽ ഇരുമ്പിന്റെ അംശം അനുവദനീയമായ പരിധിയിൽ കൂടുതൽ ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.<br><br>കോഴിക്കോട് ജില്ലയിൽ ആർ.ഡബ്ല്യൂ.എസ്.എസ് കൂടത്തും പൊയിൽ സ്കീമിലും, വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ, ബത്തേരി സ്കീമിലും ഇരുമ്പിന്റെ അംശം അനുവദനീയമായ തോതിൽ കൂടുതൽ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | കുടിവെള്ളത്തിൽ കണ്ടെത്തിയ ഇരുമ്പിന്റെ അംശം നീക്കം ചെയ്യുന്നതിനും കുടിവെള്ളം ശുദ്ധീകരിക്കുന്നതിനുമായി അയേൺ റിമൂവൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കുമോ ; | (ബി) | നിലവിൽ ജല ശുദ്ധീകരണശാലയുള്ള പദ്ധതികളിൽ ജലം ശുദ്ധീകരിക്കുമ്പോൾ അയേണിന്റെ അംശം അനുവദനീയമായ പരിധിക്കുള്ളിൽ വരുത്തിയാണ് വിതരണം ചെയ്യുന്നത്.<br>ട്രീറ്റ്മെന്റ് പ്ലാന്റ് ഇല്ലാത്ത മറ്റ് സ്കീമുകളിൽ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് അയേൺ റിമൂവൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്ന്താണ്. |
| (സി) | പ്രസ്തുത പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ? | (സി | ഫണ്ടിന്റെ ലഭ്യതക്ക് അനുസരിച്ച് പ്രസ്തുത പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ